**ശ്രദ്ധക്ഷണിക്കൽ**

**കോൾകൃഷി വികസന പദ്ധതി**

(പ്രതിപക്ഷം ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. പി. എ. മാധവൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെല്ലുൽപാദനരംഗത്ത് ഏറ്റവും പ്രധാനപ്പെട്ട പ്രദേശമാണ് തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി സ്ഥിതി ചെയ്യുന്ന തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങൾ. ചാലക്കുടിപ്പുഴയുടെ കിഴക്കുഭാഗത്തുനിന്ന് ആരംഭിച്ച് ഭാരതപ്പുഴയുടെ തെക്കുഭാഗത്ത് അവസാനിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ താലൂക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലുമായി സംസ്ഥാനത്തെ അറിയപ്പെടുന്ന നെല്ലറകളിലൊന്നായ കുട്ടനാടൻ പ്രദേശംപോലെതന്നെ പ്രസിദ്ധമാണ് തൃശ്ശൂരിലെയും മലപ്പുറത്തേയും തൃശ്ശൂർ-പൊന്നാനി കോൾ മേഖലയായി അറിയപ്പെടുന്ന കോൾ നിലങ്ങൾ. ഈ നിലങ്ങൾ സ്വാഭാവികമായും കാലാവസ്ഥയുടെ ആനുകൂല്യങ്ങൾ മാത്രമനുസരിച്ച് ........(ബഹളം)........കൃഷിപ്പണി ചെയ്തിരുന്ന കോൾ നിലങ്ങളായിരുന്നു. കഴിഞ്ഞ നാലരപ്പതിറ്റാണ്ട് മുമ്പാണ് കേരള ലാൻഡ് ഡെവലപ്പ്മെന്റ്

കോർപ്പറേഷൻ (കെ.എൽ.ഡി.സി) നിലവിൽ വരുന്നത്. നാലരപ്പതിറ്റാണ്ട് കാലമായി തൃശ്ശൂരിലെ കോൾ നിലങ്ങൾക്ക് സമഗ്ര വികസന പദ്ധതി വേണം. തൃശ്ശൂരിലെ കോൾ നിലങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കണം. അവിടെയുള്ള കോൾ നിലങ്ങൾ മഞ്ഞുപെയ്താൽ മുങ്ങുകയും ചെറിയ നിലാവുദിച്ചാൽപോലും ഉണങ്ങുന്ന സ്ഥിതിയുമാണ്. ഇങ്ങനെയൊരവസ്ഥ ഇനി തുടർന്നുകൂട. അവിടത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേവലം പശ്ചാത്തല വികസനത്തിൽ മാത്രം ഒതുങ്ങുന്ന വികസനം പോര. ബണ്ടുകളുടെ നിർമ്മാണംകൊണ്ടോ, എഞ്ചിൻതറകളുടെ വികസനം കൊണ്ടോ, ഷെഡ്ഡുകളുടെ വികസനം കൊണ്ടോ മാത്രം കോൾ കൃഷിക്കാർ രക്ഷപ്പെടുകയില്ല. അനുബന്ധ കൃഷിക്കാരുൾപ്പെടെയുള്ള അമ്പതിനായിരം കൃഷിക്കാരെ ബാധിക്കുന്നതാണ് തൃശ്ശൂരിലെയും പൊന്നാനിയിലെയും കോൾനില വികസനം. 13692 ഹെക്ടർ കൃഷി സ്ഥലങ്ങൾ, നാലായിരം ഹെക്ടറോളംവരുന്ന അനുബന്ധ ഗാർഡൻ പ്രദേശങ്ങൾ, നെൽകൃഷി സ്ഥലങ്ങൾ അല്ലാത്ത കൃഷിസ്ഥലങ്ങൾ ഇതുൾപ്പെട്ട അമ്പതിനായിരത്തോളം കൃഷിക്കാരെ ബാധിക്കുന്ന ഒരു വികസന പദ്ധതിയാണ് കഴിഞ്ഞ മൂന്നുവർഷംമുമ്പ് കേരള സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ബൃഹത്തായ ഒരു

പദ്ധതിയായി പൊന്നാനി-തൃശ്ശൂർ കോൾനില വികസന പദ്ധതി അംഗീകരിക്കപ്പെട്ടത്. അതിന് പ്രത്യേകമായി സമിതി രൂപീകരിച്ചു. ആ സമിതി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. തൃശ്ശൂരിലെ കോൾ കർഷകർ വലിയ പ്രതീക്ഷയോടുകൂടിയാണ് ഈ പദ്ധതിയെ നോക്കിക്കാണുന്നത്. ഇന്നലെകളിൽ ഉണ്ടായിരുന്ന എല്ലാ പ്രയാസങ്ങളും അതിജീവിക്കാൻ കഴിയും, അതുവഴി തൊഴിലവസരങ്ങൾ ഉണ്ടാകും, ആ രീതിയിൽ ഇന്നലെകളിലുണ്ടായിരുന്ന കൃഷിക്കാരുടെ ദുരിതത്തിന് അറുതിവരുത്തുന്ന ഒരു പദ്ധതിയായി ഈ പദ്ധതിയെ കണ്ടിരുന്നു. എഞ്ചിൻതറകൾ നിർമ്മിക്കാൻ, വെള്ളം പമ്പ് ചെയ്യുന്ന എഞ്ചിൻതടയണകളും ഫാം റോഡുകളും കോൾ നിലങ്ങൾക്കുള്ളിൽ  കൂടുതൽ വീതിയുള്ള ബണ്ടുകളും കനാൽ ബണ്ടുകളും ചെറുപാലങ്ങളും സ്ലൂയിസുകളും എഞ്ചിൻ ഷെഡ്ഡുകളും ജലസേചനത്തിനുള്ള കോൺക്രീറ്റ് ചാലുകളും ഹൈലെവൽ കനാലുകളുമൊക്കെ നിർമ്മിക്കാനുള്ള പദ്ധതിയോടുകൂടിയാണ് ഈ പദ്ധതി നിലവിൽ വന്നത്. നിർഭാഗ്യകരമെന്നുപറയട്ടെ, ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി കഴിഞ്ഞ കുറച്ചുമാസക്കാലമായി  നിശ്ചലമാണ്. ഈ കമ്മിറ്റിയെ പ്രതീക്ഷയോടുകൂടി നോക്കിക്കണ്ട കൃഷിക്കാർ നിരാശരാണ്. അതുകൊണ്ട് സമയബന്ധിതമായി

പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കണമെന്നും രണ്ടാംഘട്ടത്തിനുള്ള പദ്ധതി സമർപ്പിക്കണമെന്നും മുഖ്യമന്ത്രിയുടെയും കൃഷിവകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന കോൺഫറൻസുകളിൽ ആവർത്തിച്ച് ആവശ്യപ്പെട്ടതാണ്. രണ്ടാംഘട്ടം പദ്ധതി സമർപ്പിക്കേണ്ട സമയമായിട്ടുപോലും ഒന്നാംഘട്ടം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സമയബന്ധിതമായി തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങളുടെ വികസന പദ്ധതി പൂർത്തീകരിക്കാൻ അടിയന്തരമായ നടപടികൾ ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>):സർ, ……(ബഹളം)….. തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന കോൾനിലങ്ങളുടെ വികസനത്തിനുള്ള സമഗ്ര കോൾവികസന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ……(ബഹളം)….. ഇതു സംബന്ധിച്ച മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എസ്. രാജേന്ദ്രൻ, നോട്ട് ഇൻ ദി സീറ്റ്.

(ശ്രീ. എസ്. രാജേന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ

അവതരിപ്പിക്കപ്പെട്ടില്ല)

ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ ഒരു കാര്യം പറയട്ടെ .......(ബഹളം).....

നിയമസഭാ നടപടികൾ നടത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. അതുകൊണ്ട് ചെയർ അത് നിർവ്വഹിക്കുന്നു .......(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു.

(സബ്മിഷനുകൾ റദ്ദ് ചെയ്തു)